STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.505/PR/SPMC/PHQ/2021 Date:11.11.2021

# ദേശീയകായികമത്സരങ്ങളിൽ മെഡൽ നേടിയ പോലീസ് കായികതാരങ്ങൾ ഡി.ജി.പിയെ സന്ദർശിച്ചു

വിവിധ ദേശീയകായിക മത്സരങ്ങളിൽ വിജയികളായ കേരള പോലീസ് താരങ്ങളെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് അഭിനന്ദിച്ചു. മത്സരത്തിനു ശേഷം കായികതാരങ്ങൾ പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവിയേയും സെൻട്രൽ സ്പോർട്സ് ഓഫീസർ കൂടിയായ എ.ഡി.ജി.പി മനോജ് എബ്രഹാമിനെയും സന്ദർശിച്ചു.

ബാഗ്ലൂരിൽ നടന്ന 74-ാമത് ഗ്ലെൻമാർക്ക് സീനിയർ നാഷണൽ അകാട്ടിക് ചാമ്പ്യൻഷിപ്പിൽ 50 മീറ്റർ, 100 മീറ്റർ, 200 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക് വിഭാഗത്തിൽ പോലീസ് അസിസന്റ് കമാണ്ടന്റും ഒളിമ്പ്യനുമായ സജൻ പ്രകാശ് ഇന്ത്യൻ പോലീസ് ടീമിനെ പ്രതിനിധീകരിച്ച് സ്വർണ്ണം നേടി. ഹവിൽദാർമാരായ ഗ്രീഷ്മ.പി, ജോമി ജോർജ്ജ് എന്നിവർ വാട്ടർ പോളോ വിഭാഗത്തിൽ ഇന്ത്യൻ പോലീസ് ടീമിനെ പ്രതിനിധീകരിച്ച് വെള്ളിമെഡൽ നേടി. സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് വാട്ടർപോളോ മത്സരത്തിൽ പങ്കെടുത്ത ഹവിൽദാർമാരായ രാഹുൽ.എ.നായർ, സൂരജ്.ജെ.എസ്, വിമൽ.എം, രാഹുൽ കടുക്കാട്ടിൽ എന്നിവർക്ക് ഓട്ട് മെഡൽ ലഭിച്ചു.

ഡൽഹിയിൽ നടന്ന 3-ാമത് നാഷണൽ ഓപ്പൺ ചാമ്പ്യൻഷിപ്പിൽ 400 മീറ്റർ വിഭാഗത്തിൽ ഹവിൽദാർ സ്മൃതിമോൾ.വി രാജേന്ദ്രൻ വെള്ളി മെഡൽ നേടി. 23-ൽ താഴെ പ്രായമുള്ളവർക്കായി നടത്തിയ ആദ്യത്തെ സീനിയർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഹൈജെമ്പ് വിഭാഗത്തിൽ സ്വർണ്ണം നേടിയത് ഹവിൽദാർ ആതിര സോമരാജ് ആണ്.

****************************